**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 207** **10-06-2024 - ൽ മറുപടിയ്ക്ക്**

**പീരുമേട് മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പീരുമേട് താലൂക്ക് ആശുപത്രിയുടെ വികസനത്തിന് കഴിഞ്ഞ എട്ടു വർഷമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | 07.07.2018 തീയതിയിലെ സ.ഉ (സാധാ)നം.2196/2018/ആകുവ പ്രകാരം പീരുമേട് താലൂക്കാശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും പ്രസ്തുത പ്രവൃത്തിക്കായി 69 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചുവടെചേർക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>1) മറ്റേർണിറ്റി യൂണിറ്റ്, ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവ ആരംഭിച്ചു<br><br>2) ഒ.പി കാഷ്വാലിറ്റി, വിവിധ സ്പെഷ്യാലിറ്റി ഒ.പി കൾ എന്നിവ പുതിയ കെട്ടിടത്തിൽ ആരംഭിച്ചു<br><br>3)മോഡുലാർ ഒ.ടി നിർമ്മാണം പൂർത്തിയായിട്ടുണ്ട്<br><br>4)പുതിയ കെട്ടിടത്തിൽ എക്സ്റേ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>5) പഴയ ഓപ്പറേഷൻ തീയേറ്റർ നവീകരിച്ചു.<br><br>6)സ്ഥാപനത്തിന് പുതിയ ആംബുലൻസ് അനുവദിച്ചു.<br><br>7) EYE OT, മോർച്ചറി കെട്ടിടം, ഫാർമസി കെട്ടിടം, വയോജന വിശ്രമ കേന്ദ്രം, ICU, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് എന്നിവയുടെ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. |
| (ബി) | പ്രസ്തുത ആശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 42 കോടി രൂപ ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; | (ബി) | പീരുമേട് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 02.04.2022 തീയതിയിലെ സ.ഉ (സാധാ)നം.755/2022/ആകുവ പ്രകാരം 42 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആശുപത്രിയോട് ചേർന്ന് വരുന്ന സ്വകാര്യ വ്യക്തിയുടെ 83 സെന്റ് സ്ഥലം ആരോഗ്യ വകുപ്പിന് കൈമാറി ലഭിക്കുന്നതിനും കിഫ്ബി |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത ആശുപത്രിയിൽ സ്ഥിരമായി ഫോറൻസിക് സർജനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | നിലവിലെ ആർദ്രം മാനദണ്ഡം അനുസരിച്ച് താലൂക്ക് തല ആശുപത്രികളിൽ ഫോറൻസിക് സർജന്റെ സേവനം വിഭാവനം ചെയ്യുന്നില്ല. |
| (ഡി) | വണ്ടിപ്പെരിയാർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുടെ കുറവ് നികത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ഡി) | വണ്ടിപ്പെരിയാർ സി.എച്ച്.സിയിൽ ഒരു സിവിൽ സർജൻ, 2 അസിസ്റ്റന്റ് സർജൻ എന്നിവരുടെയും കൂടാതെ വൈകുന്നേരം ഒ.പി യിൽ LSGD മുഖേന നിയമിതനായ ഒരു ഡോക്ടറുടെയും സേവനവും ലഭ്യമാണ്. |
| (ഇ) | അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ തേക്കടിയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന കുമളി കുടുംബാരോഗ്യ കേന്ദ്രത്തെ സാമൂഹികാരോഗ്യ കേന്ദ്രമാക്കി ഉയർത്തി മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | 16.06.2018 തീയതിയിലെ സ.ഉ (എം.എസ്) നം.113/2018/ആകുവ പ്രകാരം അഴുത ബ്ലോക്ക് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കുമളി പ്രാഥമികാരോഗ്യകേന്ദ്രത്തിനെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിരുന്നു. ടി സ്ഥാപനത്തിന് 12 കിലോമീറ്റർ ദൂരത്തിൽ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായ വണ്ടിപ്പെരിയാർ എഫ്.എച്ച്.സി, വണ്ടൻമേട് എഫ്.എച്ച്.സി, എന്നിവ സ്ഥിതി ചെയ്യുന്നു. നിലവിൽ കുമളി കുടുംബാരോഗ്യ കേന്ദ്രത്തിൽ 2.5 കോടി രൂപ ബജറ്റ് വർക്കിൽ ഉൾപ്പെടുത്തി പുതിയ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 207** **10.06.2024 -ൽ മറുപടിക്ക്**

**പീരുമേട് മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം**

**ചോദ്യം**

ശ്രീ. വാഴൂർ സോമൻ

**മറുപടി**

**വീണാ ജോർജ്**

(ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പീരുമേട് താലൂക്ക് ആശുപത്രിയുടെ വികസനത്തിന് കഴിഞ്ഞ എട്ടു വർഷമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | 07.07.2018 തീയതിയിലെ സ.ഉ (സാധാ)നം.2196/2018/ആകുവ പ്രകാരം പീരുമേട് താലൂക്കാശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും പ്രസ്തുത പ്രവൃത്തിക്കായി 69 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചുവടെചേർക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br>1) മറ്റേർണിറ്റി യൂണിറ്റ്, ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവ ആരംഭിച്ചു<br>2) ഒ.പി കാഷ്വാലിറ്റി, വിവിധ സ്പെഷ്യാലിറ്റി ഒ.പി കൾ എന്നിവ പുതിയ കെട്ടിടത്തിൽ ആരംഭിച്ചു<br>3)മോഡ്യുലാർ ഒ.ടി നിർമ്മാണം പൂർത്തിയായിട്ടുണ്ട്<br>4)പുതിയ കെട്ടിടത്തിൽ എക്സ്റേ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>5) പഴയ ഓപ്പറേഷൻ തീയേറ്റർ നവീകരിച്ചു.<br>6)സ്ഥാപനത്തിന് പുതിയ ആംബുലൻസ് അനുവദിച്ചു.<br>7) EYE OT, മോർച്ചറി കെട്ടിടം, ഫാർമസി കെട്ടിടം, വയോജന വിശ്രമ കേന്ദ്രം, ICU, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് എന്നിവയുടെ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. |
| (ബി) | പ്രസ്തുത ആശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 42 കോടി രൂപ ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; | (ബി) | പീരുമേട് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 02.04.2022 തീയതിയിലെ സ.ഉ (സാധാ)നം.755/2022/ആകുവ പ്രകാരം 42 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആശുപത്രിയോട് ചേർന്ന് വരുന്ന |

| | | | |
|---|---|---|---|
| | | | സ്വകാര്യ വ്യക്തിയുടെ 83 സെന്റ് സ്ഥലം ആരോഗ്യ വകുപ്പിന് കൈമാറി ലഭിക്കുന്നതിനും കിഫ്ബി പദ്ധതിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത ആശുപത്രിയിൽ സ്ഥിരമായി ഫോറൻസിക് സർജനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | നിലവിലെ ആർദ്രം മാനദണ്ഡം അനുസരിച്ച് താലൂക്ക് തല ആശുപത്രികളിൽ ഫോറൻസിക് സർജന്റെ സേവനം വിഭാവനം ചെയ്യുന്നില്ല. |
| (ഡി) | വണ്ടിപ്പെരിയാർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുടെ കുറവ് നികത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ഡി) | വണ്ടിപ്പെരിയാർ സി.എച്ച്.സിയിൽ ഒരു സിവിൽ സർജൻ, 2 അസിസ്റ്റന്റ് സർജൻ എന്നിവരുടെയും കൂടാതെ വൈകുന്നേരം ഓ.പി യിൽ LSGD മുഖേന നിയമിതനായ ഒരു ഡോക്ടറുടെയും സേവനവും ലഭ്യമാണ്. |
| (ഇ) | അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ തേക്കടിയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന കുമളി കുടുംബാരോഗ്യ കേന്ദ്രത്തെ സാമൂഹികാരോഗ്യ കേന്ദ്രമാക്കി ഉയർത്തി മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | 16.06.2018 തീയതിയിലെ സ.ഉ (എം.എസ്) നം.113/2018/ആകുവ പ്രകാരം അഴുത ബ്ലോക്ക് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കുമളി പ്രാഥമികാരോഗ്യകേന്ദ്രത്തിനെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിരുന്നു. ടി സ്ഥാപനത്തിന് 12 കിലോമീറ്റർ ദൂരത്തിൽ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായ വണ്ടിപ്പെരിയാർ എഫ്.എച്ച്.സി, വണ്ടൻമേട് എഫ്.എച്ച്.സി, എന്നിവ സ്ഥിതി ചെയ്യുന്നു. നിലവിൽ കുമളി കുടുംബാരോഗ്യ കേന്ദ്രത്തിൽ 2.5 കോടി രൂപ ബജറ്റ് വർക്കിൽ ഉൾപ്പെടുത്തി പുതിയ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ